നിയമനം നടത്തുന്നതിനു വേണ്ട നടപടികളും എടുക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(സി ആൻറ് ഡി) പ്രൈവറ്റ് കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ ഗവൺമെൻറിന്റെ അനുവാദം ആവശ്യമില്ല.

നിയമനം അംഗീകരിക്കേണ്ടതു് യൂണിവേഴ്സിറ്റിയാണ്. ഈ വർഷം ഷിഫ്റ്റ് സിസ്റ്റം തുടങ്ങുന്നതിലേക്കു ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള പ്രൈവറ്റ് കോളേജുകളുടെ ലിസ്റ്റ് യഥാസമയം കേരളാ യൂണിവേഴ്സിറ്റിക്കും കോഴിക്കോട് യൂണിവേഴ്സിറ്റിക്കും നൽകിയിട്ടുണ്ട്.

ഗൺമാൻമാരുടെ സേവനം ലഭിക്കുന്ന എം. എൽ. എ. മാർ

* 138 [148] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര എം. എൽ. എ. മാർക്ക് ഗൺമാനെ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം എം. എൽ. എ. മാർക്കാണ് ഗൺമാൻമാരെ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 3 എം. എൽ. എ. മാർക്ക്.

(ബി) സർവ്വശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ, പി. ജെ. ജോസഫ്, ആർ. ബാലകൃഷ്ണപിള്ള എന്നിവർക്കാണ് ഗൺമാൻമാരെ അനുവദിച്ചിട്ടുള്ളത്.

സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

* 139 [149] ശ്രീ. ജി. പി. മംഗലത്തു മഠം: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള പരിഷ്കാരങ്ങളെ സംബന്ധിച്ചു ഈ ഗവൺമെൻറ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

സർക്കാർ ജീവനക്കാരുടെ, ശമ്പളം, അലവൻസുകൾ, പെൻഷൻ ആനുകൂല്യങ്ങൾ മുതലായ കാര്യങ്ങളെപ്പറ്റി ചന്ദ്രഭാനു കമ്മീഷന്റെ ശുപാർശകൾ, ഗവൺമെൻറ് അംഗീകരിക്കുകയും 1-7-1978 മുതൽ പൂർവകാല പ്രാബല്യത്തോടുകൂടി അവ നടപ്പാക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. യാത്രാബത്ത, പ്രൊജക്ട് അലവൻസ് എന്നിവയെ സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതേ സമയം ചില വിഭാഗം ജീവനക്കാർ പേ കമ്മീഷൻ റിപ്പോർട്ടിന്റെ അപാകതകളെപ്പറ്റി നൽകിയ പരാതികൾ പരിശോധിച്ചു തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്.

പുറമെ, ജീവനക്കാർക്ക് പൊതുവിൽ പ്രയോജനകരമായ സർവീസ് ഗ്രേഡ്, മൂന്നാമതൊരു വെയിറ്റേജ് എന്നിവ അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ, പോലീസുകാർ, എക്സൈസ് ജീവനക്കാർ, ഫോറസ്റ്റ് ഗാഡുകൾ, ഫയർഫോഴ്സ്, ജയിൽ വാർഡറൻമാർ തുടങ്ങിയ വർക്കു അവരുടെ ജോലിയുടെ പ്രത്യേകതകൾ പരിഗണിച്ചു സ്പെഷ്യൽ അലവൻസുകൾ നൽകിയിട്ടുണ്ട്.

ഇതിൽ കൂടുതലായി മറ്റൊന്നും ചെയ്യാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ദേശീയ അവാർഡിന് അർഹരായ അദ്ധ്യാപകർ

109 [151] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരളത്തിലെ എത്ര അദ്ധ്യാപകരാണ് ദേശീയ അവാർഡിന് അർഹരായത്;

(ബി) അവർ ആരെല്ലാം; ഏതെല്ലാം സ്ക്കൂളുകളിൽ പഠിപ്പിക്കുന്നു;

(സി) ദേശീയ അവാർഡിന് തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്ത്?

ഉത്തരം

(എ) ആറു പേർ.

(ബി) പേരു വിവരം താഴെ കൊടുക്കുന്നു.

1. ശ്രീ. ടി. എ. വർഗ്ഗീസ്, ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്ക്കൂൾ, മുളക്കുഴ.

2. ശ്രീ. കെ. ജനാർദ്ദനൻ നായർ, ഹെഡ്മാസ്റ്റർ, ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്ക്കൂൾ, പത്തനംതിട്ട.

3. ശ്രീ. എസ്. ഹരിഹരൻ, ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് ഹൈസ്ക്കൂൾ, വെട്ടുകാട്, തിരുവനന്തപുരം.

4. ശ്രീ. എ. പി. വർക്കി, ഹെഡ്മാസ്റ്റർ, ഗവ. യു. പി. സ്ക്കൂൾ, ഇരിങ്ങോൽ, പെരുമ്പാവൂർ.

5. ശ്രീ. കെ. കെ. ജോസഫ്, ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് യു. പി. സ്ക്കൂൾ, കുത്തപ്പള്ളി, കറുകച്ചാൽ.

6. ശ്രീമതി ടി. വി. ചന്ദ്രമതി, യു. പി. സ്ക്കൂൾ അസിസ്റ്റന്റ്, ആരൺസ് യു. പി. സ്ക്കൂൾ, പാപ്പിനിശ്ശേരി.

(സി) അദ്ധ്യാപകന് നാട്ടുകാരുടെ ഇടയിലുള്ള മാന്യത, വിദ്യാഭ്യാസരംഗത്തുള്ള പ്രാഗൽഭ്യം, അതു പരിപോഷിപ്പിക്കാനുള്ള താല്പര്യം, വിദ്യാർത്ഥികളോടുള്ള സ്നേഹം, അവരുടെ കാര്യങ്ങളിലുള്ള ഉൽസാഹം, സാമൂഹ്യജീവിതത്തിൽ അദ്ധ്യാപകനുള്ള പങ്ക് എന്നിവയാണ് അവാർഡിന്റെ മാനദണ്ഡം.

LIBRARY ARCHIVES Kerala Legislative Assembly